# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.206 | 26.02.2018 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിനായി രണ്ടാംഘട്ടത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും ഏതൊക്കെ പ്രൈമറി ഹെൽത്ത് സെന്ററുകളെയാണ് പരിഗണിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി സർക്കാർ ഏതൊക്കെ പി.എച്ച്.സി.കളെയാണ് ഉൾപ്പെടുത്തേണ്ടത് എന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | എല്ലാ പി.എച്ച്.സി.കളിലും ആർദ്രം പദ്ധതി നടപ്പിൽ വരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | | 2017-18 വർഷങ്ങളിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിൽ 93 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇതിനോടകം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ (2018-19) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരെഞ്ഞെടുക്കേണ്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കി വരുന്നു.<br><br>നിലവിൽ തെരെഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 23 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തികൾ എൻ.എച്ച്.എം.വഴി അംഗീകൃത ഏജൻസികൾ മുഖാന്തിരം |

| | | | |
|---|---|---|---|
| | | | നടന്നു വരുന്നു. ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി 28.55 കോടി രൂപയും ലാബ് സൗകര്യങ്ങൾക്കായി 8 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ 830 തസ്തികകൾ 2017-18-ൽ സൃഷ്ടിച്ചിട്ടുണ്ട്. അതോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, സൈനേജുകൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, ഇരിപ്പിടം, കുടിവെള്ളം, ടോയിലറ്റ് എന്നീ സൗകര്യങ്ങളും ക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ